# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3804

15.12.2014-ൽ മറുപടിയ്ക്ക്

## ന്യൂ ജനറേഷൻ ബാങ്കുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സാധാരണക്കാരന്റെ ആവശ്യങ്ങൾക്ക് ബ്ലാങ്ക് ചെക്ക് ലീഫുകളും മുദ്രപത്രങ്ങളും ഈടായി സ്വീകരിച്ചുകൊണ്ട് പണം കടംകൊടുക്കുകയും പിന്നീട് ഇവയിൽ തുകയെഴുതി നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിലെ വകുപ്പുകൾ ദുരുപയോഗം ചെയ്തുകൊണ്ട് വ്യാജരേഖകൾ ചമച്ച് ചെക്കുകേസുകൾ ഫയൽ ചെയ്യുകയും ചെയ്ത് വസ്തുവകകൾ അപഹരിക്കുന്ന ബ്ലേഡ് മാഫിയ സംഘങ്ങൾ ചെയ്യുന്നതുപോലുള്ള സാമൂഹ്യദ്രോഹപ്രവർത്തനങ്ങൾ സംസ്ഥാനത്തു പ്രവർത്തിക്കുന്ന ചില ന്യൂ ജനറേഷൻ ബാങ്കുകളും ചുരുക്കം ചില സർവ്വീസ് സഹകരണ ബാങ്കുകളും ചെയ്തുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് സംസ്ഥാനത്തെ ഇന്റലിജൻസ് വകുപ്പിനും ഇതര ഏജൻസികൾക്കും ലഭിക്കുന്ന പരാതികളിന്മേൽ യുദ്ധകാലാടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതിനും കഴിയുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടാൽ നടപടിയെടുക്കുന്നതാണ്. |
| (സി) പാവപ്പെട്ടവന്റെ കണ്ണീരൊപ്പാൻ രൂപീകൃതമായ സഹകരണ പ്രസ്ഥാനത്തിലെ സർവ്വീസ് സഹകരണ ബാങ്കുകൾ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് അറുതി വരുത്തുന്നതിന് കർശന നിർദ്ദേശം നൽകുമോ? | (സി) 'ഓപ്പറേഷൻ കുബേര' തുടങ്ങിയതിനുശേഷം ചില പരാതികൾ വരികയും, ആയതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ